ഉത്തരം

(എ) ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി) എസ്റ്റിമേറ്റ് തുക 55 ലക്ഷം രൂപ കോസ്‌വേ, സംരക്ഷണ പണികൾ, അതിനോടനുബന്ധിച്ച റോഡ് പണികൾ എന്നിവയാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്.

(ഡി) ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാലാണ് പണി ഏറ്റെടുക്കുവാൻ വൈകിയത്.

(ഇ) 20.4.99-അവസാന തീയതിയായി ദർഘാസ് ക്ഷണിച്ചിട്ടുണ്ട്.

148 (1366) "പറവണ്ണയിൽ പാലം പണി"

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ തിരൂരിൽ കനോലി കനാലിന് കുറുകെ പറവണ്ണയിൽ ഒരു പാലം പണിയുന്നതിന് 1994-ൽ ഭരണാനുമതി ലഭിച്ചെങ്കിലും ഇതുവരെ നിർമ്മാണം തുടങ്ങിയിട്ടില്ലെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുമരാമത്ത് (ഡ്രിക്) ഡി.ആർ.ഐ.ക്യൂ വിഭാഗത്തിൽ ഇത് സംബന്ധിച്ച ഡിസൈൻ എന്നാണ് ലഭിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) ഈ പാലത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി എന്താണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 3.8.1998-ൽ പറവണ്ണ പാലത്തിന്റെ പുതിയ ഡിസൈനിന്റെ ഒരു പ്രൊപ്പോസൽ പൊതുമരാമത്ത് ഡി.ആർ.ഐ.ക്യൂ വിഭാഗത്തിൽ കിട്ടിയിട്ടുണ്ട്. എന്നാൽ ടി ജോലി മുൻഗണനാ ക്രമത്തിൽ ഉൾക്കൊള്ളിച്ചിട്ടില്ലാതിരുന്നതിനാൽ ഇതിന്റെ ഡിസൈൻ ഡി.ആർ.ഐ.ക്യൂ. വിഭാഗം ഏറ്റെടുത്തിട്ടില്ല.

(സി) ടി ഡിസൈൻ ഏപ്രിൽ മാസത്തിൽ പൂർത്തീകരിക്കാൻ ഡ്രിക്ക് വിഭാഗം നടപടിയെടുത്തു വരുന്നു. ഡ്രിക്ക് വിഭാഗത്തിൽ നിന്നും ഫൈനൽ ഡിസൈൻ ലഭിക്കുന്നതനുസരിച്ചും, ഫണ്ടിന്റെ ലഭ്യതയനുസരിച്ചും നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

149 (1367) പമ്പാവാലി-കിസുമം-പമ്പാറോഡ്

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എരുമേലിയിൽ നിന്നും പമ്പാവാലി-കിസുമം വഴി പമ്പാ പാർക്കിംഗ് ഗ്രൗണ്ടിലേക്ക് പുതിയ റോഡ് നിർമ്മിക്കാൻ സർക്കാരിന് പദ്ധതിയുണ്ടോ;

(ബി) ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇവിടെ വൺ-വേ ഏർപ്പെടുത്താൻ കഴിയുമെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) 13 കോടി രൂപയുടെ എസ്റ്റിമേറ്റ് പരിശോധിച്ചു വരികയാണ്. അതോടൊപ്പം പ്രസ്തുത റോഡ് നിർമ്മിക്കുന്നതിന് ആവശ്യമായ വനഭൂമി ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ആലോചനയിലുണ്ട്.

150 (1368) എൻ.എച്ച്. 17-ന്റെ ദൂരം

ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.എച്ച്. 17-ന്റെ ദൂരം എത്ര കിലോ മീറ്റർ ആണ്; എത്ര കിലോമീറ്റർ പണി പൂർത്തിയായി;

(ബി) എൻ.എച്ച്. 17-ന്റെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന വരാപ്പുഴ പാലത്തിന്റെ പണി എന്ന് പൂർത്തിയാകും. എത്രശതമാനം പണി പൂർത്തിയായി. പണി തീരേണ്ട കാലാവധി എന്നായിരുന്നു;

(സി) എൻ.എച്ച്. 17-ലെ വരാപ്പുഴ പാലത്തിന്റെ അനുബന്ധമായി പുത്തൻപള്ളി മുതൽ വള്ളുവള്ളിവരെയുള്ള റോഡിന്റെ അതിർത്തി നിർണ്ണയം പൂർത്തിയാക്കിയോ; ഇല്ലെങ്കിൽ ഇതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ അതിർത്തി നിർണ്ണയം നടത്തുന്നതിന് സർക്കാർ ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എൻ.എച്ച്. 17-ന്റെ ദൂരം 420-777 കി.മീ. ആണ്. ഇതിൽ 23.300 കി.മീ. ദൂരം ദേശീയ പാതയുടെ നിലവാരത്തിനുള്ള രണ്ടുവരിപാതയായി വികസിപ്പിച്ചിട്ടുണ്ട്. 248.977 കി.മീ. ദൂരം 5.50 മീറ്റർ മുതൽ 7 മീറ്റർ വരെ വീതി കൂട്ടിയിട്ടുള്ളതാണ്. ബാക്കി 148.5 കി.മി. ദൂരം 5.50 മീറ്റർ വീതിയിലും കുറവാണ്.മാത്രമല്ല മേൽപ്പറഞ്ഞ രണ്ടു ഭാഗങ്ങളും ദേശീയ പാതയുടെ നിലവാരത്തിലല്ല.

(ബി) വരാപ്പുഴ പാലത്തിന്റെ പണി 2000-ൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. 70% പണി പൂർത്തിയായി പണി തീരേണ്ട കാലാവധി 7/99 ആണ്.

(സി) വരാപ്പുഴ പാലത്തിന്റെ അനുബന്ധമായി പുത്തൻപള്ളി മുതൽ വള്ളുവള്ളി വരെയുള്ള റോഡിന്റെ അലൈൻമെന്റിന് അംഗീകാരം കിട്ടിയിട്ടുണ്ട്. സ്ഥലമെടുപ്പ് എസ്റ്റിമേറ്റ് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം കിട്ടിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly